**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3542** **15-02-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര, തിരുപുറം എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര, തിരുപുറം എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്തെന്ന് വിശദമാക്കാമോ; | (എ) | പ്ലാൻ സ്കീം 2021-22 പ്രകാരം സ്മാർട്ട് ഓഫീസ് നിർമ്മാണത്തിനായി ഭരണാനുമതി നൽകിയ നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെയും പ്ലാൻ സ്കീം 2022-23 പ്രകാരം ഭരണാനുമതി നൽകിയ തിരുപുറം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയുണ്ടായി. നെയ്യാറ്റിൻകര വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ടി ഏജൻസിയുമായി 26.03.2022-ന് ഏർപ്പെട്ടിട്ടുള്ള കരാറിൽ 26.09.2022 നും തിരുപുറം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ടി ഏജൻസിയുമായി 26.10.2022-ന് ഏർപ്പെട്ടിട്ടുള്ള കരാറിൽ 26.07.2023 നും കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ നിശ്ചിത സമയപരിധിയ്ക്കകം നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദേശം ഏജൻസിക്ക് നൽകിയതിൻ പ്രകാരം നെയ്യാറ്റിൻകര വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി 80 ശതമാനവും തിരുപുറം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി 65 ശതമാനവും പൂർത്തീകരിച്ചിട്ടുള്ളതും ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലുമാണ്. |
| (ബി) | ഈ വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ കരാർ പ്രകാരം എത്ര മാസത്തിനകം പൂർത്തീകരിക്കണമെന്ന് വ്യക്തമാക്കാമോ? | (ബി) | എ പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ